മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 15

# വാർത്താക്കുറിപ്പ്

---

## എം.ജി. ഓൺലൈൻ എം.കോം. കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സെന്റർ ഫോർ ഓൺലൈൻ എഡ്യുക്കേഷൻ നടത്തുന്ന എം.കോം. - ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന രണ്ട് വർഷത്തെ (നാല് സെമസ്റ്ററുകൾ) ബിരുദാനന്തര - ബിരുദ കോഴ്സിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പൂർണ്ണമായും ഓൺലൈനായി നടത്തുന്ന കോഴ്സ് യു.ജി.സി. അംഗീകാരമുള്ളതാണ്. ദേശീയതലത്തിലും അന്തർദേശീയതലത്തിലുമുള്ള വിദ്യാർത്ഥികൾക്ക് പ്രായഭേദമില്ലാതെ അപേക്ഷിക്കാം. ജോലി ചെയ്യുന്നവർക്കും റെഗുലർ പഠനം സാധിക്കാത്തവർക്കും അധികബിരുദം നേടാൻ താൽപര്യമുള്ളവർക്കും പഠനം സാധ്യമാകുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. ബി.കോം. / ബി.ബി.എ. / ബി.ബി.എം. തുടങ്ങിയ മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിച്ച തുല്യ കോഴ്സുകളിൽ 45 ശതമാനം മാർക്കോടെയുള്ള ബിരുദമാണ് കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത. 2022 ഏപ്രിൽ 10 നകം പാസ്സാകുന്നവർക്കും അപേക്ഷിക്കാം. ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സെമസ്റ്ററിന് 18000 രൂപയും മൊത്തമായി 72000 രൂപയും വിദേശ വിദ്യാർത്ഥികൾക്ക് സെമസ്റ്ററിന് 325 ഡോളറും മൊത്തമായി 1300 ഡോളറും ആണ് കോഴ്സ് ഫീസ്. താൽപര്യമുള്ളവർക്ക് www.mguonline.ac എന്ന വബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 31. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/307/2022)

## പഠനോപകരണ വിതരണം

വേൾഡ് സോഷ്യൽ വർക്ക് ദിനാചരണത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് ബഹേവിയറൽ സയൻസസ് സോഷ്യൽ വർക്ക് വിഭാഗം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (എൻ.ഐ.ഇ.പി.ഡി.) യുമായി ചേർന്ന്, കോട്ടയം സർവ്വ ശിക്ഷാ കേരളയുടെ സഹകരണത്തോടെ ഭിന്നശേഷിക്കാർക്കായി ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽ കിറ്റുകൾ വിതരണം ചെയ്തു. സർവ്വകലാശാല വൈസ് ചാൻസിലർ ഇൻ ചാർജ് പ്രൊഫസർ സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഡീനും സർവ്വകലാശാല സിൻഡിക്കേറ്റ് അംഗവുമായ പ്രൊഫസർ പി.എസ്. സുകുമാരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബിഹേവിയറൽ സയൻസസ് വകുപ്പ് മേധാവി പ്രൊഫസർ പി.ടി. ബാബുരാജ് സ്വാഗതം ആശംസിച്ചു. എൻ.ഐ.ഇ.പി.ഡി. ഫാക്കൽറ്റി ഡോ. അമ്പാടി മുഖ്യപ്രഭാഷണം നടത്തി. എസ്.എസ്.കെ., കോട്ടയം ജില്ല പ്രോജക്ട് ഓഫീസറായ ബിനു എബ്രഹാം, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ അദ്ധ്യാപിക റിൻസി മോൾ മാത്യു എന്നിവർ സംസാരിച്ചു. കോട്ടയം ജില്ലയിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിവിധ പ്രായങ്ങളിലുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുതകുന്ന പതിനായിരം രൂപ വിലമതിക്കുന്ന പഠനോപകരണങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. ചടങ്ങിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ

പ്രവർത്തിക്കുന്ന മറ്റ് പ്രവർത്തകർ എന്നിവർ പങ്കെടുത്തു. ദിനാചരണത്തിന്റെ ഭാഗമായി ഭിന്നശേഷി പുനരധിവാസ മേഖലയിലെ വെല്ലുവിളികൾ സംബന്ധിച്ച് അഭിപ്രായ ശേഖരണം നടത്തി. ഈ വർഷത്തെ സോഷ്യൽ വർക്ക് ദിനസന്ദേശത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടുള്ള ഒപ്പ് ശേഖരണവും നടത്തി.

**ഫോട്ടോ ക്യാപ്ഷൻ:** വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദ കുമാർ പഠനോപകരണ കിറ്റിൻ്റെ വിതരണോദ്ഘാടനം നിർവ്വഹിക്കുന്നു.

(പി.ആർ.ഒ./39/308/2022)

## പരീക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് നടത്തുന്ന ഒന്ന്, മൂന്ന് സെമസ്റ്റർ എം.എ. പോളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് / പൊളിറ്റിക്സ്, ഹ്യൂമൻ റൈറ്റ്സ്, പബ്ലിക് പോളിസി ആന്റ് ഗവേർണൻസ് (2020, 2021 അഡ്മിഷൻ - റെഗുലർ / സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ ഏഴിന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 30 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 31 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ നാല് വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/309/2022)

## പരീക്ഷാ ഫലം

2021 സെപ്റ്റംബറിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (മോഡൽ III - ന്യൂ ജനറേഷൻ) ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.പി.ഇ., ബി.ടി.ടി.എം (2013-2016 അഡ്മിഷൻ - റി-അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/310/2022)

2021 സെപ്റ്റംബറിൽ നടന്ന ഒന്ന്, രണ്ട് വർഷ ബി.ഫാം (പുതിയ സ്കീം - 2016 അഡ്മിഷൻ - സപ്ലിമെന്ററി / പഴയ സ്കീം 2016 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പഴയ സ്കീം വിദ്യാർത്ഥികളുടെ പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ 370 രൂപ ഫിസ് സഹിതം മാർച്ച് 29 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കണം. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷ പുതിയ സ്കീം / പഴയ സ്കീം വിദ്യാർത്ഥികൾക്ക് 160 രൂപയാണ്. ഫിസ് സഹിതമുള്ള അപേക്ഷ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 29.

(പി.ആർ.ഒ./39/311/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ